2024 JULY
26
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY

E-mail: societytodaynews@gmail.com






## വിജയസ്മരണയിൽ രാജ്യം; നരേന്ദ്ര മോദി ഇന്ന് കാർഗിലിലെത്തും

**ന്യൂഡൽഹി :** യുദ്ധ വിജയത്തിൻറെ ഇരുപത്തിയഞ്ചാം വാർഷികാഘോഷത്തിൻറെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കാർഗിലിലെത്തും. രാവിലെ 9.20 ഓടെ കാർഗിൽ യുദ്ധ സ്മാരകം സന്ദർശിക്കുന്ന പ്രധാനമന്ത്രി വീരമൃത്യു വരിച്ച സൈനികർക്ക് ശ്രദ്ധാഞ്ജലിയർപ്പിക്കും.

ഷിങ്കുൻ ലാ തുരങ്ക പദ്ധതിക്കും പ്രധാനമന്ത്രി തുടക്കമിടും. തുരങ്കം പൂർത്തിയാകുന്നതോടെ ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള തുരങ്കമായി ഇതു മാറും. ഷിങ്കുൻ ലാ തുരങ്കം ഇന്ത്യൻ സായുധ സേനകളുടെയും ഉപകരണങ്ങളുടെയും വേഗത്തിലുള്ള നീക്കം ഉറപ്പാക്കുമെന്ന് അധികൃതർ പറഞ്ഞു.

## ജനിച്ച മതത്തിൽ വ്യക്തികളെ തളച്ചിടരുത്; ഏതു മതത്തിൽ വിശ്വസിക്കാനും സ്വാതന്ത്ര്യമുണ്ടെന്ന് ഹൈക്കോടതി

**കൊച്ചി:** ഒരു മതത്തിൽ ജനിച്ചു എന്നതുകൊണ്ട് സാങ്കേതിക കാര്യങ്ങൾ ചൂണ്ടിക്കാട്ടി വ്യക്തിയെ അതേ മതത്തിൽ തളച്ചിടാൻ കഴിയില്ലെന്ന് ഹൈക്കോടതി. ഏതു മതത്തിൽ വിശ്വസിക്കാനും വ്യക്തികൾക്ക് ഭരണഘടനയുടെ 25(1) അനുച്ഛേദം സ്വാതന്ത്ര്യം നൽകുന്നുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി. തങ്ങൾ മതം മാറിയതിനാൽ സ്കൂൾ സർട്ടിഫിക്കറ്റിലെ പേരും മതവും മാറ്റണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് വി.ജി.അരുണിന്റെ ഉത്തരവ്. എറണാകുളം സ്വദേശികളായ ഇരട്ട സഹോദരങ്ങളാണ് ഹൈക്കോടതിയെ സമീപിച്ചത്. ഹിന്ദു മതത്തിൽ ജനിക്കുകയും ഇതേ മതത്തിൽ വിശ്വസിക്കുകയും ചെയ്തിരുന്ന ഇവർ 2017ൽ ക്രൈസ്തവ മതം സ്വീകരിച്ചു. തുടർന്നാണ് സ്കൂൾ സർട്ടിഫിക്കറ്റിലെ പേരും മതവും മാറ്റാനായി അപേക്ഷ നൽകിയത്. പേരു മാറ്റിയെങ്കിലും മതം മാറ്റം രേഖപ്പെടുത്താനുള്ള വകുപ്പില്ലെന്നു ചൂണ്ടിക്കാട്ടി ഈ ആവശ്യം അധികൃതർ തള്ളി. തുടർന്ന് ഇവർ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.സ്കൂൾ സർട്ടിഫിക്കറ്റിലെ മതം മാറ്റാൻ ആവശ്യമായ ചട്ടങ്ങൾ നിലവിൽ ഇല്ലെങ്കിൽ പോലും, ഒരു മതത്തിൽ ജനിച്ചു എന്നതിന്റെ പേരിൽ ഒരു വ്യക്തിയെ അതേ മതത്തിൽ തളച്ചിടാൻ അത് കാരണമല്ലെന്ന് കോടതി വിധിന്യായത്തിൽ വ്യക്തമാക്കി. ഏതു മതത്തിൽ വിശ്വസിക്കാനും ഭരണഘടന സ്വാതന്ത്ര്യം ഉറപ്പു നൽകുന്നുണ്ട്. ആ സ്വാതന്ത്ര്യം ഉപയോഗിച്ച് ഒരു വ്യക്തി മറ്റൊരു മതം സ്വീകരിച്ചാൽ രേഖകളിലും അതേ മാറ്റങ്ങൾ വരുത്താവുന്നതാണ്. അത്തരം മാറ്റങ്ങൾ നിരസിക്കുന്നത് അപേക്ഷകരുടെ ഭാവിയെ തന്നെ ബാധിക്കുന്ന കാര്യമാണ്. മാത്രമല്ല, അത്തരം സങ്കുചിതമായ നടപടികൾ ഭരണഘടന ഉറപ്പു നൽകുന്ന ഉറപ്പുകൾക്ക് വിരുദ്ധമാണെന്നും ജസ്റ്റിസ് അരുൺ പറഞ്ഞു.

## അധികാരമില്ലാത്തിടത്ത് കൈകടത്തരുത്

# വാസുകിയെ നിയമിച്ചതിൽ കേരളത്തിന് മുന്നറിയിപ്പ്

**ന്യൂഡൽഹി:** കേരള സർക്കാരിന്റെ വിദേശ സഹകരണ ചുമതല ഐഎഎസ് ഉദ്യോഗസ്ഥ കെ.വാസുകിക്കു നൽകിയതിൽ മുന്നറിയിപ്പുമായി കേന്ദ്രം. സംസ്ഥാന സർക്കാർ ഭരണഘടന മറികടക്കരുതെന്നാണ് നിർദേശം. അധികാരമില്ലാത്ത കാര്യങ്ങളിൽ കൈകടത്തരുതെന്നും വിദേശകാര്യം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽപ്പെട്ട വിഷയമാണെന്നും കേന്ദ്രം വ്യക്തമാക്കി.

വാസുകിയുടെ നിയമനത്തിൽ ശക്തമായ വിമർശനമാണു കേന്ദ്രം ഉന്നയിച്ചിരിക്കുന്നത്. വിദേശ സഹകരണവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ചുമതലയുള്ള സെക്രട്ടറിയായി വാസുകിയെ ജൂലൈ 15നാണ് നിയമിച്ച് ഉത്തരവിറക്കിയത്. ഇതു വിവാദമായപ്പോൾ, വിദേശ സഹകരണം കുറച്ചുകാലമായി നിലവിലുണ്ടെന്നു ചീഫ് സെക്രട്ടറി ഡോ.വി.വേണു വിശദീകരിച്ചു. സംസ്ഥാന സർവീസിൽ ഉണ്ടായിരുന്ന പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ലയ്ക്കായിരുന്നു ചുമതലയെന്നും, അദ്ദേഹം കേന്ദ്ര സർവീസിലേക്ക് പോയതോടെയാണ് വാസുകിക്ക് അധിക ചുമതലയായി വകുപ്പ് നൽകിയതെന്നും ചീഫ് സെക്രട്ടറി പറഞ്ഞു.

ഇതര രാജ്യങ്ങളിൽനിന്ന് സംസ്ഥാനത്തേക്കു വരുന്ന പ്രതിനിധികളുമായി മികച്ച ഏകോപനത്തിനായാണു വകുപ്പ് രൂപീകരിച്ചതെന്നാണ് വിഷയത്തിൽ കേരള സർക്കാരിന്റെ നിലപാട്.

വിദേശകാര്യം കേന്ദ്രസർക്കാരിന്റെ അധീനതയിലാണെന്ന കാര്യം അറിയാത്തതുകൊണ്ടല്ല സംസ്ഥാന സർക്കാർ ഉത്തരവിറക്കിയതെന്നും ചീഫ് സെക്രട്ടറി പ്രതികരിച്ചു.

## മുംബൈയിലും പുണെയിലും കനത്തമഴ; ഹിമാചലിൽ മേഘവിസ്ഫോടനം, ഗുജറാത്തിൽ വെള്ളപ്പൊക്കം

**മുംബൈ:** മുംബൈയിലും പുണെയിലും കനത്തമഴയിൽ പ്രളയസമാന സാഹചര്യം. മുംബൈയിൽ വിമാനങ്ങൾ റദ്ദാക്കി. സിയോൺ, ചെമ്പുർ, അന്ധേരി തുടങ്ങി ഒട്ടേറെ പ്രദേശങ്ങൾ വെള്ളത്തിലായി. നാളെ രാവിലെ 8.30 വരെ റെഡ് അലർട്ട് പ്രഖ്യാപിച്ചു. രണ്ടിടത്തും വിമാന, ട്രെയിൻ സർവീസുകളെ മഴ ബാധിച്ചിട്ടുണ്ട്. മുംബൈയിൽനിന്നും തിരിച്ചുമുള്ള വിമാന സർവീസുകൾ വൈകുമെന്ന് ഇൻഡിഗോ എയർലൈൻസ് അറിയിച്ചു. എയർ ഇന്ത്യ, സ്പൈസ് ജെറ്റ് എന്നിവയുടെ ഏതാനും സർവീസുകളും വൈകുകയും റദ്ദാക്കുകയും ചെയ്തു. നഗരത്തിലെ 7 തടാകങ്ങൾ നിറഞ്ഞൊഴുകുകയാണ്.



പുണെയിൽ 4 പേർ മരിച്ചു. വെള്ളം നിറഞ്ഞ തെരുവിൽനിന്ന് 3 പേർക്ക് വൈദ്യുതാഘാതമേറ്റു. സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചു. എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും 48 മണിക്കൂർ അടച്ചിടുമെന്ന് പുണെ കലക്ടർ അറിയിച്ചു. പാലങ്ങൾ വെള്ളത്തിനടിയിലായത് ഗതാഗതത്തെ ബാധിച്ചിട്ടുണ്ടെന്നും കലക്ടർ പറഞ്ഞു. പുണെയിൽ ദേശീയ ദുരന്ത നിവാരണ സേന രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുണ്ട്.

ഹിമാചൽ പ്രദേശിലെ മണാലിയിൽ ഉണ്ടായ മേഘവിസ്ഫോടനത്തെത്തുടർന്ന് മിന്നൽപ്രളയം. പ്രളയത്തിൽ കേടുപാടുണ്ടായ ലേ മണാലി റോഡ് അടച്ചതോടെ ഗതാഗതം മുടങ്ങി. ബുധനാഴ്ച രാത്രിയിലായിരുന്നു മേഘവിസ്ഫോടനം. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല. ഗുജറാത്തിൽ ബുധനാഴ്ച 8 പേർ മരിച്ചു. ഇതോടെ മഴക്കെടുതിയിൽ സംസ്ഥാനത്ത് മരിച്ചവരുടെ എണ്ണം 61 ആയി. സൂറത്തിൽ ആയിരത്തോളം പേരെ മാറ്റി പ്പാർപ്പിച്ചതായി മുനിസിപ്പൽ കോർപറേഷൻ അറിയിച്ചു.

## വിദേശ നിക്ഷേപകർ ഓഹരി വിപണിയിൽ നിന്ന് പിന്മാറുന്നു

**കൊച്ചി:** കേന്ദ്ര ബജറ്റിൽ ഡെറീവേറ്റീവ് വ്യാപാരത്തിൻറെ നികുതി വർധിപ്പിക്കാനുള്ള തീരുമാനമായതോടെ വിദേശ നിക്ഷേപകർ ഓഹരി വിപണിയിൽ നിന്ന് പിന്മാറുന്നു. രണ്ട് ദിവസത്തിനിടെ വിദേശ നിക്ഷേപകർ 8400 കോടി രൂപയുടെ ഓഹരികളാണ് വിറ്റഴിച്ചത്. ബജറ്റിന് മുൻപുള്ള ഏഴ് വ്യാപാര ദിനങ്ങളിലായി 18,200 കോടി രൂപയുടെ ഓഹരികൾ വാങ്ങിക്കൂട്ടിയിരുന്നു. ഈ വർഷം ഇതുവരെ മൊത്തം 43,680 കോടി രൂപയാണ് വിദേശ ധനകാര്യ സ്ഥാപനങ്ങൾ ഇന്ത്യയിൽ എത്തിച്ചതെന്നും കണക്കുകൾ പറയുന്നു.



കഴിഞ്ഞ ചൊവാഴ്ച നടന്ന ബജറ്റ് അവതരണത്തിൽ ഹ്രസ്വ, ദീർഘ കാല മൂലധന നേട്ടത്തിന്മേലുള്ള നികുതിയും ധനമന്ത്രി നിർമല സീതാരാമൻ വർധിപ്പിച്ചിരുന്നു. ഇതോടെ ബജറ്റ് ദിനത്തിൽ തുടക്കത്തിൽ കനത്ത തകർച്ച നേരിട്ട ഓഹരി വിപണി നഷ്ടം ഒരു പരിധി വരെ നികത്തി തിരിച്ചുകയറിയെങ്കിലും ഇതുവരെ മുന്നേറ്റ പാതിയിലേക്ക് മടങ്ങിയെത്തിയിട്ടില്ല. ബജറ്റിന് ശേഷമുള്ള മൂന്ന് ദിവസങ്ങളിലും വിപണി നഷ്ടത്തിലാണ് വ്യാപാരം പൂർത്തിയാക്കിയത്.

കൊവിഡ് വ്യാപനത്തിനു ശേഷം ഇന്ത്യൻ വിപണിയിലേക്ക് ഒഴുകിയെത്തിയ വിദേശ പോർട്ട്ഫോളിയോ നിക്ഷേപം തിരിച്ചൊഴുകാൻ തുടങ്ങിയെന്ന് ബ്രോക്കർമാർ പറയുന്നു. വരും ദിവസങ്ങളിലും ഇന്ത്യയിൽ നിന്നും പുറത്തേക്കുള്ള പണമൊഴുക്ക് ശക്തമാകാനാണ് സാധ്യത. അമെരിക്കയിൽ നാണയപ്പെരുപ്പ ഭീഷണി കുറഞ്ഞതിനാൽ കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് മുഖ്യ പലിശ കുറയ്ക്കാനുള്ള സാധ്യതയും വൻകിട ഹെഡ്ജ് ഫണ്ടുകൾ നിക്ഷേപ സ്ഥാപനങ്ങൾ എന്നിവയുടെ പിന്മാറ്റത്തിന് വേഗത പകരുന്നു.



# കൊച്ചി വിമാനത്താവളത്തിൽ ഫാസ്റ്റ് ട്രാക് ഇമിഗ്രേഷൻ ഒരുങ്ങുന്നു

**കൊച്ചി:** കൊച്ചി വിമാനത്താവളത്തിൽ രാജ്യാന്തര യാത്രക്കാർക്ക്, ഉദ്യോഗസ്ഥ ഇടപെടലില്ലാതെ അതിവേഗം സ്വയം ഇമിഗ്രേഷൻ നടപടി പൂർത്തിയാക്കുന്നതിനുള്ള സംവിധാനം ഒരുങ്ങുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ' ഫാസ്റ്റ് ട്രാക് ഇമിഗ്രേഷൻട്രസ്റ്റഡ് ട്രാവലേഴസ് പ്രോഗ്രാം' ന്റെ ഭാഗമായി രാജ്യാന്തര ആഗമന/പുറപ്പെടൽ യാത്രക്കാർക്ക് ഈ സംവിധാനം ഒരുക്കുന്ന രാജ്യത്തെ രണ്ടാമത്തെ വിമാനത്താവളമാവുകയാണ് സിയാൽ. ഇതിന്റെ പരീക്ഷണം തിങ്കളാഴ്ച തുടങ്ങും. ഓഗസ്റ്റ്ൽ കമ്മിഷൻ ചെയ്യും.ഡൽഹി വിമാനത്താവളത്തിലാണ് ആദ്യമായി, കഴിഞ്ഞ മാസം, ഈ സംവിധാനം ഏർപ്പെടുത്തിയത്. സിയാലിൽ ഇതിനായുള്ള അടിസ്ഥാന സൗകര്യം സജ്ജമായി. ബ്യൂറോ ഓഫ് ഇമിഗ്രേഷന് ആണ് നടത്തിപ്പുചുമതല. ആഗമന, പുറപ്പെടൽ മേഖലകളിൽ നാല് വീതം ലേനുകളിലാണ് ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ നടപ്പിലാക്കുക. ഇതിനായുള്ള സ്മാർട് ഗേറ്റുകൾ എത്തിക്കഴിഞ്ഞു. നിലവിൽ ഇന്ത്യൻ പൗരൻമാർക്കും ഒ.സി.ഐ കാർഡുള്ളവർക്കുമാണ് സ്വയം ഇമിഗ്രേഷൻ നടപടി പൂർത്തിയാക്കാനുള്ള അനുമതി ലഭിച്ചിട്ടുള്ളത്. ഈ സൗകര്യങ്ങൾ ഉപയോഗിക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പോർട്ടലിൽ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തേണ്ടതുണ്ട്. പാസ്പോർട്ട് ഉൾപ്പെടെയുള്ള രേഖകൾ വിജയകരമായി അപ്ലോഡ് ചെയ്താൽ അടുത്തഘട്ടമായ ബയോമെട്രിക് എൻറോൾമെന്റിലേയ്ക്ക് കടക്കാം. മുഖവും വിരലടയാളവും രേഖപ്പെടുത്താനുള്ള എൻറോൾമെന്റ് കൗണ്ടറുകൾ കൊച്ചി വിമാനത്താവളത്തിൽ പ്രവർത്തിക്കുന്ന എഫ്.ആർ.ആർ.ഒ ഓഫീസിലും ഇമിഗ്രേഷൻ കൗണ്ടറുകളിലും ഒരുക്കിയിട്ടുണ്ട്. തൃപ്തികരമായി രജിസ്ട്രേഷൻ പൂർത്തിയാക്കുന്നവർക്ക് പിന്നീടുള്ള എല്ലാ രാജ്യാന്തര യാത്രയ്ക്കും അഗമനപുറപ്പെടൽ ഇമിഗ്രേഷൻ നടപടികൾക്ക് സ്മാർട് ഗേറ്റുകളിലൂടെ കടന്നുപോകാം. ഇമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കാനുള്ള നീണ്ട വരികളിൽ കാത്തുനിൽപ്പ് ഒഴിവാക്കാം. ഉദ്യോഗസ്ഥരുമായുള്ള അഭിമുഖത്തിനോ രേഖകൾ പൂരിപ്പിക്കുന്നതിനോ കാത്തുനിൽക്കേണ്ടതില്ല. സ്മാർട് ഗേറ്റിലെത്തിയാൽ ആദ്യം പാസ്പോർട്ട് സ്കാൻ ചെയ്യണം. രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിൽ ഗേറ്റുകൾ താനെ തുറക്കും. തുടർന്ന് രണ്ടാം ഗേറ്റിലെ ക്യാമറയിൽ മുഖം കാണിക്കണം. യന്ത്രം നിങ്ങളുടെ മുഖം തിരിച്ചറിയുന്നതോടെ ആ ഗേറ്റ് തുറക്കുകയും ഇമിഗ്രേഷൻ നടപടി പൂർത്തിയാകുകയും ചെയ്യും. ഇതിനായി പരമാവധി കണക്കാക്കപ്പെടുന്ന സമയം 20 സെക്കന്റാണ്. ചെക്ക്ഇൻ കഴിഞ്ഞാൽ 20 സെക്കന്റിൽ സെക്കന്റിൽ സുരക്ഷാ പരിശോധനയ്ക്ക് എത്തുന്ന വിധത്തിലാണ് സജ്ജീകരണം ഒരുങ്ങുന്നത്.കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ട്രസ്റ്റഡ് ട്രാവലർ പദ്ധതിയ്ക്ക് രാജ്യത്ത് തന്നെ രണ്ടാമതായി സൗകര്യമൊരുക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്ന് സിയാൽ മാനേജിങ് ഡയറക്ടർ എസ്.സുഹാസ് ഐ.എ.എസ് പറഞ്ഞു. ' പരമാവധി ഇടങ്ങളിൽ സാങ്കേതിക വിദ്യയുടെ സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് സിയാൽ ലക്ഷ്യമിടുന്നത്. യാത്രക്കാർക്ക് സമ്മർദമൊന്നുമില്ലാതെ വിമാനത്താവളത്തിലെ വിവിധ പരിശോധനങ്ങൾ പൂർത്തിയാക്കാൻ കഴിയണം. ഒപ്പം സുരക്ഷ ഉറപ്പുവരുത്തുകയും വേണം. ആഭ്യന്തര യാത്രക്കാർക്കായി ഈയിടെ ഏർപ്പെടുത്തിയ ഡിജിയാത്ര ഏറെ വിജയകരമാണ് ' സുഹാസ് പറഞ്ഞു.



പ്രതിവർഷം ഒരു കോടിയാത്രക്കാരും 70,000ൽ പരം സർവീസുകളുമുള്ള സിയാൽ നിലവിൽ രാജ്യാന്തര ട്രാഫിക്കിൽ രാജ്യത്ത് നാലാം സ്ഥാനത്താണ്.

# ഇന്ത്യൻ നാഷണൽ അസോസിയേഷൻ ഫോർ ദി സ്റ്റഡി ഓഫ് ലിവറിന്റെ വാർഷിക ശാസ്ത്രസമ്മേളനം കൊച്ചിയിൽ

**കൊച്ചി:** ഇന്ത്യൻ നാഷണൽ അസോസിയേഷൻ ഫോർ ദി സ്റ്റഡി ഓഫ് ലിവറിന്റെ മുപ്പത്തിരണ്ടാം വാർഷിക ശാസ്ത്രസമ്മേളനത്തിന് കൊച്ചി വേദിയാകുന്നു. 'കരൾരോഗശാസ്ത്രത്തിന്റെ ഭാവി രൂപപ്പെടുത്തുന്നു' എന്നതാണ് ഇത്തവണത്തെ പ്രമേയം. ഓഗസ്റ്റ് 7 മുതൽ 10 വരെ ലെ മെരിഡിയനിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ദേശീയ അന്തർദേശീയതലത്തിൽ നിന്നുള്ള വിദഗ്ദരായ ഇരുന്നൂറോളം പാനൽ അംഗങ്ങളും 1500ലധികം കരൾരോഗ ചികിത്സയിലെ പ്രതിനിധികളും പങ്കെടുക്കുമെന്നാണ് കണക്കാക്കുന്നത്. ആദ്യമായി ഐ.എൻ.എ.എസ്.എലിന് വേദിയാകുന്നതിലൂടെ കേരളത്തിലെ കരൾരോഗചികിത്സാ രംഗത്തും വലിയ മുന്നേറ്റമാണ് പ്രതീക്ഷിക്കുന്നത്.

ഇന്ത്യൻ സൊസൈറ്റി ഓഫ് ഗ്യാസ്ട്രോഎന്ററോളജിയുടെ കേരള ചാപ്റ്റർ, കൊച്ചിൻ ഗട്ട് ക്ലബ്, കൊച്ചിൻ ലിവർ ക്ലബ്, കൊച്ചി ലിവർ ട്രാൻസ്പ്ലാന്റേഷൻ സൊസൈറ്റി എന്നിവർ സംയുക്തമായാണ് ഐ.എൻ.എ.എസ്.എൽ 2024 സംഘടിപ്പിക്കുന്നത്. കരൾരോഗങ്ങളെയും ചികിത്സയെയും സംബന്ധിച്ച ഏറ്റവും പുതിയ വിവരങ്ങൾ സമഗ്രമായി ചർച്ച ചെയ്യപ്പെടുന്ന വേദിയാകും സമ്മേളനം. ഈ മേഖലയിൽ വന്നുകൊണ്ടിരിക്കുന്ന നൂതനമാറ്റങ്ങളും അവതരിപ്പിക്കും.

പ്രവചിക്കാവുന്നതും പ്രതിരോധിക്കാവുന്നതുമായ കരൾ രോഗങ്ങൾ, കരൾ മാറ്റിവെയ്ക്കൽ, മദ്യപാനവുമായി ബന്ധപ്പെട്ട കരൾ രോഗങ്ങൾ, വൈറൽ ഹെപ്പറ്റൈറ്റിസ്, കരൾ രോഗങ്ങൾ കാരണം ദഹനപ്രക്രിയയിലുണ്ടാകുന്ന തകരാറുകൾ, വൃക്കകൾക്കുണ്ടാകുന്ന ഗുരുതര പ്രശ്നങ്ങൾ, വൃക്കകളുടെ പ്രവർത്തനം നിലയ്ക്കുന്ന സാഹചര്യം, ഓട്ടോഇമ്മ്യൂൺ കരൾ രോഗങ്ങൾ എന്നിങ്ങനെ സുപ്രധാനമായ നിരവധി വിഷയങ്ങൾ സമ്മേളനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കരൾരോഗ ചികിത്സയിലെ ഓരോ രോഗസാഹചര്യങ്ങളും പ്രത്യേകം പരിശോധിച്ചുള്ള ചർച്ചകളും ചികിത്സയിലെ അത്യാധുനിക കണ്ടുപിടുത്തങ്ങളും പ്രധാന വിഷയമാണ്. ഏറ്റവും പുതിയ കരൾരോഗ ചികിത്സാമാർഗങ്ങളായിരിക്കും സമ്മേളനത്തിലെ ശ്രദ്ധാകേന്ദ്രമെന്ന് ആസ്റ്റർ മെഡ്സിറ്റിയിലെ മുതിർന്ന കരൾരോഗ വിദഗ്ധൻ ഡോ. ചാൾസ് പനക്കൽ പറഞ്ഞു. ഐ.എൻ.എ.എസ്.എൽ 2024 ന്റെ സംഘാടക സെക്രട്ടറിയാണ് അദ്ദേഹം. കരൾരോഗങ്ങളെ കുറിച്ചുള്ള കൂടുതൽ ഗവേഷണങ്ങൾക്കും പുതിയ ചികിത്സാരീതികൾ അവലംബിക്കുന്നതിനും സമ്മേളനം ഉണർവുണ്ടാക്കുമെന്ന് അദ്ദേഹം പറഞ്ഞു. സമ്മേളനത്തിന്റെ ഭാഗമായി കൊച്ചിയിലെ സ്കൂളുകളിൽ കരളിന്റെ ആരോഗ്യത്തെ കുറിച്ചുള്ള പ്രത്യേക ബോധവത്കരണക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കും. കരൾരോഗ വിദഗ്ധരും നുട്രീഷനിസ്റ്റുകളും ഉൾപ്പെടെയുള്ളവർ ക്ളാസുകൾ നയിക്കും. കരളിന്റെ ആരോഗ്യത്തെക്കുറിച്ചും സാധാരണ കണ്ടുവരുന്ന കരൾ രോഗങ്ങളെക്കുറിച്ചും അവയ്ക്കുള്ള പ്രതിരോധമാർഗങ്ങളെക്കുറിച്ചും കുട്ടികൾക്കും കൗമാരക്കാർക്കുമിടയിൽ അവബോധമുണ്ടാക്കുകയാണ് ലക്ഷ്യം. ഐ.എൻ.എ.എസ്.എൽ 2024 ന്റെ സംഘാടക അധ്യക്ഷൻ ഡോ. ജി.എൻ. രമേശ് (സീനിയർ കൺസൽട്ടൻറ്, ഗ്യാസ്ട്രോഎന്ററോളജി, ആസ്റ്റർ മെഡ്സിറ്റി), സംഘാടക സെക്രട്ടറി ഡോ. ചാൾസ് പനക്കൽ (സീനിയർ കൺസൽട്ടൻറ്, ഹെപറ്റോളജി, ആസ്റ്റർ മെഡ്സിറ്റി), ഐ.എം.എ റിസർച്ച് സെൽ ചെയർമാൻ ഡോ. രാജീവ് ജയദേവൻ എന്നിവർ, എറണാകുളം പ്രസ് ക്ലബ്ബിൽ നടന്ന മാധ്യമസമ്മേളനത്തിൽ സംസാരിച്ചു.

# വനിതാ ബ്യൂട്ടീഷ്യൻമാർക്ക് പരിശീലനം

**ആലുവ:** ഇസാഫ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ വനിതാ ബ്യൂട്ടീഷ്യന്മാർക്ക് ആധുനിക കൊറിയൻ മോഡൽ ഫേഷ്യൽ, ഹെയർസ്പാ, ബോഡിസ്പാ എന്നിവയിൽ പരിശീലനം നൽകുന്നു. ആലുവ ഗവണ്മെന്റ് ഹോസ്പിറ്റലിനു സമീപമുള്ള ഇസാഫ് ഫൗണ്ടേഷൻ പരിശീലന കേന്ദ്രത്തിൽ ആഗസ്റ്റ് 9നാണ് പരിശീലനം സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക്: 9072600771, 04843548159.

# അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി അംഗമായി വീണ്ടും നിത എം അംബാനി

**കൊച്ചി:** റിലയൻസ് ഫൗണ്ടേഷൻ സ്ഥാപക നിത എം അംബാനി ഇന്റർനാഷണൽ ഒളിമ്പിക് കമ്മിറ്റി (ഐഒസി) അംഗമായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.നിലവിൽ പാരീസിൽ നടക്കുന്ന 142ാമത് ഐഒസി സെഷനിലാണ് ഇന്ത്യയിൽ നിന്നുള്ള ഐഒസി അംഗം എന്ന നിലയിൽ ഏകകണ്ഠമായി നിത അംബാനി തെരഞ്ഞെടുക്കപ്പെട്ടത്.അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയുടെ അംഗമായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടതിൽ അങ്ങേയറ്റം സന്തുഷ്ടയാണെന്നും വലിയ ആദരമാണതെന്നും നിത എം അംബാനി പറഞ്ഞു.തന്നിൽ വീണ്ടും വിശ്വാസമർപ്പിച്ചതിന് പ്രസിഡന്റ് ബാച്ചിനും ഐഒസിയിലെ തന്റെ സഹപ്രവർത്തകരോടും ഞാൻ ആത്മാർത്ഥമായി നന്ദി പറയുകയാണ്. വീണ്ടും എന്നിലേക്കെത്തിയ നേട്ടത്തെ വ്യക്തിപരമായല്ല കാണുന്നത്. ആഗോള കായികരംഗത്ത് ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്തിനുള്ള അംഗീകാരം കൂടിയാണിത്. ഓരോ ഇന്ത്യക്കാരനുമായും സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും ഈ നിമിഷം ഞാൻ പങ്കിടുകയാണ്. ഇന്ത്യയിലും ലോകമെമ്പാടും ഒളിമ്പിക് പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനായി പ്രവർത്തിക്കുമെന്നും നിത എം അംബാനി പറഞ്ഞു.2016ലെ റിയോ ഡി ജനീറോ ഒളിമ്പിക്സിലാണ് നിത അംബാനി ആദ്യമായി ഐഒസിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്.



# അബുദാബി കലാപ്രദർശനം കൊച്ചിയിൽ

**കൊച്ചി:** കേരള ലളിതകലാ അക്കാദമിയും അബുദാബി ആസ്ഥാനമായി പ്രവർത്തിക്കുന്ന കലാ സാംസ്കാരിക സംഘടന റിസ്ക് ആർട്ട് ഇനീഷേറ്റീവുമായി സഹകരിച്ച് അബുദാബിയിലുള്ള കലാകാരരുടെ അന്തർദ്ദേശീയ കലാ പ്രദർശനം അക്കാദമിയുടെ കൊച്ചിയിലുള്ള ദർബാർ ഹാൾ കലാകേന്ദ്രത്തിൽ ഒരുക്കുന്നു. ജൂലൈ 26ന് രാവിലെ 9 മണിക്കാണ് പ്രദർശനത്തിന്റെ ഉദ്ഘാടനം. മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെട്ട പരിപാടിയാണ് ഈ പ്രദർശനം എന്ന പ്രത്യേകത കൂടിയുണ്ട്.അക്കാദമി 'റായി'യുമായി (ഞഅക) സഹകരിച്ച് നടത്തുന്ന പ്രഥമ അന്തർദ്ദേശീയ പ്രദർശനമാണിത്. പ്രദർശനത്തിൽ അബുദാബി സർക്കാരിന്റെ സാംസ്കാരികടൂറിസം വകുപ്പുകളും കൈകോർക്കുന്നു. 'ചീലേ ളൃീ അിീവേലൃ ടവീൃല' എന്ന് നാമകരണം ചെയ്തിട്ടുള്ള ഈ പ്രദർശനത്തിൽ ഹാഷൽ അൽ ലംകിയുടെ സോളോ എക്സിബിഷനും അൽമഹ ജാരള്ള, ലതീഫ സയിദ്, സമോ ഷലാബി തുടങ്ങിയ കലാകാരരുടെ ഗ്രൂപ്പ് എക്സിബിഷനുമാണുള്ളത്. ഇതോടനുബന്ധിച്ചുള്ള പ്രദർശനങ്ങൾ ബിയോണ്ട് എമേർജിങ് ആർട്ടിസ്റ്റ്സ്, ഗേറ്റ്വേ........ മാക്യം എന്നാണ് അറിയപ്പെടുന്നത്. ജൂലൈ 27ന് വൈകുന്നേരം 6 മണിക്ക് അന്തർദ്ദേശീയ കലാകാരർ, ക്യൂറേറ്റർമാർ, കലാവിദ്യാർത്ഥികൾ, കലാസ്വാദകർ എന്നിവർ ഉൾപ്പെടുന്ന ഒരു പാനൽചർച്ച ഉണ്ടായിരിക്കും. ഈ സാംസ്കാരിക പാരമ്പര്യത്തിന്റെ ഭാഗമായി എക്സിബിഷൻ ഓപ്പണിങ്ങിന്റെ തൊട്ടടുത്ത ദിവസങ്ങളിൽ അന്തർദ്ദേശീയതലത്തിലുള്ള പേട്രൺസ് ഗ്യാലറി സന്ദർശിക്കുന്നുമുണ്ട്.വെനീസ്, ഇറ്റലി തുടങ്ങിയ പ്രദേശങ്ങളിൽ സമീപ കാലത്ത് പ്രദർശിപ്പിച്ചതിനുശേഷമാണ് കലാസൃഷ്ടികൾ ഇവിടെ പ്രദർശിപ്പിക്കുന്നത്. 'റായി' പോലുള്ള അന്തർദ്ദേശീയ കലാസാംസ്കാരിക സംഘടയുമായി ചേർന്ന് അക്കാദമിക്ക് ഇത്തരത്തിലുള്ള വലിയ പ്രദർശനങ്ങൾ സംഘടിപ്പിക്കാൻ കഴിയുന്നു എന്നതോടൊപ്പം ഒരു സാംസ്കാരിക വിനിമയം കൂടിയാണ് ഇവിടെ സാധ്യമാവുന്നത്.

ദർബാർ ഹാൾ കലാകേന്ദ്രത്തിൽജൂലൈ 26ന് രാവിലെ 9 ന് മന്ത്രി പി. രാജീവ് അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മന്ത്രി സജി ചെറിയാൻ പ്രദർശനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

### എയർ ഇന്ത്യ എക്സ്പ്രസിൻെറ 46മത് ഡെസ്റ്റിനേഷനായി അഗർത്തല

# കൊച്ചിയിൽ നിന്നും അഗർത്തലയിലേക്ക് വൺ സ്റ്റോപ്പായി പറക്കാം

**കൊച്ചി:** എയർ ഇന്ത്യ എക്സ്പ്രസ് ത്രിപുരയിലെ അഗർത്തലയിലേക്ക് കൊൽക്കത്ത, ഗുവാഹത്തി എന്നിവിടങ്ങളിൽ നിന്നും നേരിട്ടും ഡൽഹിയിൽ നിന്ന് വൺ സ്റ്റോപ്പായും പ്രതിദിന വിമാന സർവീസുകൾ ആരംഭിക്കുന്നു. ഇതോടെ കൊച്ചിയിൽ നിന്നും അഗർത്തലയിലേക്ക് വൺ സ്റ്റോപ് വിമാനയാത്ര സാധ്യമാകും. സെപ്റ്റംബർ ഒന്ന് മുതൽ ആരംഭിക്കുന്ന വിമാന സർവീസിനായുള്ള ബുക്കിംഗ് എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലും മൊബൈൽ ആപ്പിലും മറ്റ് പ്രധാന ബുക്കിംഗ് പ്ലാറ്റ് ഫോമുകളിലും ആരംഭിച്ചു.

കൊച്ചിയിൽ നിന്നും ആഴ്ച തോറും 106 വിമാന സർവീസുകളാണ് എയർ ഇന്ത്യ എക്സ്പ്രസിനുള്ളത്. അബുദാബി, ബഹ്റൈൻ, ബംഗളൂരു, കൊൽക്കത്ത, ഡൽഹി, ദമാം, ദോഹ, ദുബൈ, ഹൈദരാബാദ്, കുവൈറ്റ്, മസ്കറ്റ്, റിയാദ്, ഷാർജ, സലാല, തിരുവനന്തപുരം എന്നിവിടങ്ങളിലേക്ക് നേരിട്ടും അഗർത്തല, അയോധ്യ, ഭുവനേശ്വർ, മുംബൈ, ഗുവാഹത്തി, ഗോവ, ഗ്വാളിയർ, ഇൻഡോർ, ബാഗ്ഡോഗ്ര, മംഗളൂരു, റാഞ്ചി, ജയ്പൂർ, ജിദ്ദ, ലഖ്നൗ, ചെന്നൈ, പൂനെ, സൂറത്ത്, വിജയവാഡ, വാരാണസി, വിശാഖപട്ടണം എന്നിവിടങ്ങളിലേക്ക് വൺ സ്റ്റോപ് സർവീസുകളും ലഭ്യമാണ്.




ഗുവാഹത്തി, ബാഗ്ഡോഗ്ര, ഇംഫാൽ തുടങ്ങിയ സ്ഥലങ്ങൾക്ക് ശേഷം അഗർത്തലയിലേക്ക് കൂടി സർവീസ് ആരംഭിക്കുന്നതിലൂടെ ഇന്ത്യയുടെ വടക്ക്കിഴക്കൻ മേഖലയിൽ തങ്ങളുടെ സാന്നിധ്യം കൂടുതൽ ശക്തമാക്കാൻ സാധിച്ചുവെന്ന് എയർ ഇന്ത്യ എക്സ്പ്രസ് മാനേജിംഗ് ഡയറക്ടർ അലോക് സിംഗ് പറഞ്ഞു. രാജ്യത്തെ ഇടത്തരം നഗരങ്ങളെ ബന്ധിപ്പിക്കുന്നതിലൂടെ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതി, വ്യാപാരം, ടൂറിസം എന്നിവയുടെ വളർച്ചയ്ക്ക് വഴിയൊരുക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

അഗർത്തലയിൽ നിന്നും ആഴ്ചയിൽ 14 വിമാന സർവീസുകളുണ്ട്. ഗുവാഹത്തിയിൽ നിന്നും അഗർത്തല, ബംഗളൂരു, ചെന്നൈ, ഡൽഹി, ഹൈദരാബാദ്, ഇംഫാൽ, ജയ്പൂർ, കൊൽക്കത്ത എന്നിവിടങ്ങളിലേക്ക് എയർ ഇന്ത്യ എക്സ്പ്രസിന് ആഴ്ചയിൽ നേരിട്ടുള്ള 77 സർവീസുകളുണ്ട്. കോഴിക്കോട്, അയോധ്യ, ഗോവ, ഗ്വാളിയോർ, പൂനെ എന്നിവയുൾപ്പെടെയുള്ള 20 കേന്ദ്രങ്ങളിലേക്ക് വൺസ്റ്റോപ് ആഭ്യന്തര സർവീസുകളും ബഹ്റൈൻ, ദമ്മാം, സിംഗപ്പൂർ, ഷാർജ എന്നിവിടങ്ങളിലേക്ക് വൺസ്റ്റോപ് അന്താരാഷ്ട്ര സർവീസുകളും നടത്തുന്നുണ്ട്.

എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്പിലൂടെയും ടിക്കറ്റെടുക്കുന്ന ലോയൽറ്റി അംഗങ്ങൾക്ക് പ്രത്യേക കിഴിവിന് പുറമേ 8 ശതമാനം വരെ ന്യൂ കോയിനുകൾ, എക്സ്പ്രസ് എഹെഡ് മുൻഗണന ചെക്ക് ഇൻ, ബോർഡിംഗ് ബാഗേജ് സേവനം തുടങ്ങിയവയും ലഭിക്കും. വിദ്യാർഥികൾ, മുതിർന്ന പൗരർ, ചെറുകിട ഇടത്തരം സംരംഭകർ, സായുധ സേനാംഗങ്ങൾ, അവരുടെ ആശ്രിതർ എന്നിവർക്കും പ്രത്യേക കിഴിവിൽ ടിക്കറ്റ് ബുക്ക് ചെയ്യാം. ക്യാബിൻ ബാഗേജ് മാത്രമുള്ള യാത്രക്കാർക്ക് എക്സ്പ്രസ് ലൈറ്റ് നിരക്കിലും ടിക്കറ്റ് എടുക്കാം.

# എസ്ബിഐ ലൈഫിൻെറ പുതിയ ബിസിനസ് പ്രീമിയം 7033 കോടി

**കൊച്ചി:** എസ്ബിഐ ലൈഫിൻറെ നടപ്പു സാമ്പത്തിക വർഷത്തിൻറെ ഒന്നാം ത്രൈമാസത്തിലെ പുതിയ ബിസിനസ് പ്രീമിയം മുൻ വർഷം ഇതേ കാലയളവിലെ 6207 കോടി രൂപയെ അപേക്ഷിച്ച് 13 ശതമാനം വർധനവോടെ 7033 കോടി രൂപയിലെത്തി. കമ്പനിയുടെ അറ്റാദായം 36 ശതമാനം വർധനവോടെ 520 കോടി രൂപയിലെത്തിയതായും കണക്കുകൾ ചൂണ്ടിക്കാട്ടുന്നു.

SBI Life
Apne liye. Apno ke liye.

വ്യക്തിഗത പുതിയ ബിസിനസ് പ്രീമിയം 17 ശതമാനം വളർച്ചയോടും 25.9 ശതമാനം വിപണി വിഹിതത്തോടും കൂടി 4750 കോടി രൂപയിലെത്തിയിട്ടുണ്ട്. വാർഷിക പ്രീമിയം ഇക്വാലൻറ് 20 ശതമാനം വളർച്ചയോടെ 3637 കോടി രൂപയായി. ഏജൻസി ചാനലുകളിലൂടെയുള്ള വാർഷിക പ്രീമിയം ഇക്വാലൻറ് 45 ശതമാനം വളർച്ചയോടെ 1092 കോടി രൂപയിലും എത്തി.

നടപ്പു സാമ്പത്തിക വർഷത്തിൻറെ ഒന്നാം ത്രൈമാസത്തിൽ സ്വകാര്യ വിപണിയുടെ 22.4 ശതമാനം വിഹിതത്തോടെ വ്യക്തിഗത റേറ്റഡ് പ്രീമിയം 3220 കോടി രൂപയിലെത്തിയിട്ടുണ്ട്. ആകെ പുതിയ വ്യക്തിഗത ബിസിനസ് പ്രീമിയം ഈ കാലയളവിൽ 17 ശതമാനം വർധനവോടെ 4750 കോടി രൂപയിലെത്തി. പുതിയ ബിസിനസ് പ്രീമിയം 13 ശതമാനം വളർച്ചയോടെ 7030 കോടി രൂപയിലുമെത്തി. സംരക്ഷണ വിഭാഗത്തിൽ ഒന്നാം ത്രൈമാസത്തിലെ പുതിയ ബിസിനസ് പ്രീമിയം 720 കോടി രൂപയാണ്.

രാജ്യത്ത് ഉടനീളമായി 1062 ഓഫീസുകളുമായി പ്രവർത്തിക്കുന്ന കമ്പനിക്ക് പരിശീലനം നേടിയ 3,27,038 ഇൻഷുറൻസ് പ്രൊഫഷണലുകളുമായി ശക്തമായ വിതരണ ശൃംഖലയാണുള്ളത്. ബാങ്കഷ്വറൻസ് ചാനൽ, ഏജൻസി ചാനൽ എന്നിവയ്ക്കു പുറമെ കോർപറേറ്റ് ഏജൻറുമാർ, ബ്രോക്കർമാർ, മൈക്രോ ഏജൻറുമാർ, കോമൺ സർവീസ് സെൻററുകൾ, ഇൻഷുറൻസ് വിപണന സ്ഥാപനങ്ങൾ, വെബ് അഗ്രിഗേറ്റർമാർ, ഡയറക്റ്റ് ബിസിനസ് എന്നിവ കൂടി അടങ്ങിയതാണ് കമ്പനിയുടെ വൈവിധ്യമാർന്ന വിതരണ ശൃംഖല.

കമ്പനി ആകെ കൈകാര്യം ചെയ്യുന്ന ആസ്തികൾ മുൻ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 26 ശതമാനം വർധിച്ച് 414772 കോടി രൂപയിലെത്തിയതായും കണക്കുകൾ സൂചിപ്പിക്കുന്നു. കടപത്രങ്ങളിലേയും ഓഹരികളിലേയും അനുപാതം 6238 എന്ന നിലയിലാണ്. ആകെ കടപത്ര നിക്ഷേപങ്ങളിൽ 95 ശതമാനവും എഎഎ, സോവറിൻ വിഭാഗങ്ങളിലായാണ്.

# കായികാധ്യാപക മേഖല സംരക്ഷിക്കപ്പെടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം

**കൊച്ചി:** കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ കായിക അധ്യാപകരുടെ സേവനം സർക്കാർ ഉറപ്പാക്കണം. ഈ മേഖല തകർന്നാൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ പൊതുസമൂഹത്തിന് ഉണ്ടാകുമെന്നും ഒഴിവുസമയങ്ങളിൽ വിദ്യാർത്ഥികൾ കായിക വിനോദത്തിൽ ഏർപ്പെട്ടെങ്കിൽ മാത്രമേ അവരുടെ മാനസിക ആരോഗ്യനില മെച്ചപ്പെടുത്താൻ കഴിയുകയുള്ളൂ. ലഹരിയിൽ നിന്നും മറ്റ് സാമൂഹ്യവിപത്തിൽ നിന്നും വിദ്യാർഥികളെ തടയുന്നത് കായിക വിനോദവും മാനസിക ഉല്ലാസവുമാണ്. അതിനാൽ കായിക അധ്യാപകരുടെ പ്രശ്നങ്ങൾ സർക്കാർ ഉടൻ പരിഹരിക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മനോജ് മൂത്തേടൻ സർക്കാരിനോട് ആവശ്യപ്പെട്ടു. തസ്തിക നഷ്ടപ്പെടുന്നതിനെതിരെ, കായികാധ്യാപകർ നടത്തിയ ഡി.ഡി.ഇ. ഓഫീസ് ധർണ്ണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രഥമ കേരള സ്കൂൾ ഒളിമ്പിക്സിന് എറണാകുളം വേദിയാകുമ്പോൾ, കേരളത്തിലെ 75% വരുന്ന പൊതു വിദ്യാലയങ്ങളിലും കായികാധ്യാപകരില്ലെന്ന സത്യം സർക്കാർ തിരിച്ചറിയണമെന്നും അദ്ദേഹം കൂട്ടി ചേർത്തു.



തസ്തികാ സംരക്ഷണ ഉത്തരവ് പിൻവലിച്ചതോടെ സംസ്ഥാനത്തൊട്ടാകെ അൻപതിലേറെ കായികാധ്യാപകർ വിദ്യാലയങ്ങളിൽ നിന്നും പുറത്തായി. സംരക്ഷണ ഉത്തരവ് പുനസ്ഥാപിക്കണമെന്നും, ആരോഗ്യകായിക വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് സംയുക്ത കായികാധ്യാപക സംഘടന എറണാകുളം ജില്ലാ ഡി.ഡി.ഇ. ഓഫീസിലേക്ക് മാർച്ചും ധർണ്ണയും നടത്തി

സംസ്ഥാനത്തെ ആറായിരത്തോളം യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലായി ആകെ 1800 ൽ താഴെ കായികാധ്യാപകർ മാത്രമാണ് ഉള്ളത്. തസ്തികാനിർണ്ണയ മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കാത്തതുമൂലം നിരവധി കായികാധ്യാപക തസ്തികകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്. 86% യു.പി സ്കൂളുകളിലും, 44% ഹൈസ്കൂളുകളിലും, 100 % എൽ.പി, എച്ച്.എസ്.എസ് വിഭാഗങ്ങളിലും കായികാധ്യാപകരില്ല. കഴിഞ്ഞ വർഷം സംരക്ഷണ ഉത്തരവ് സർക്കാർ റദ്ദാക്കിയതോടെ മുഴുവൻ കായികാധ്യാപകരും ചുരുങ്ങിയ കാലംകൊണ്ട് വിദ്യാലയങ്ങളിൽ നിന്നും പുറത്താകുമെന്ന് ഉറപ്പായിട്ടുണ്ട്.

കെ.ഇ.ആർ പരിഷ്കരിച്ച് മുഴുവൻ വിദ്യാലയങ്ങളിലും കായികാധ്യാപകരെ നിയമിച്ച് വിദ്യാർത്ഥികളുടെ പഠനാവകാശം ഉറപ്പാക്കുക തുടങ്ങിയ ഇരുപത് ആവശ്യങ്ങൾ മുൻനിർത്തിയാണ് ധർണ്ണ സംഘടിപ്പിച്ചത്.

എറണാകുളം ജില്ല സംയുക്ത കായികാധ്യാപക സംഘടന ജില്ലാ ധർണ്ണ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്തു. ജില്ല സ്പോർട്സ് കോഡിനേറ്റർ സഞ്ജയ് കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽകായികാധ്യാപക സംഘടന സംസ്ഥാന ജനറൽ സെക്രട്ടറി കെ. എ. റിബിൻ മുഖ്യപ്രഭാഷണം നടത്തി. അലക്സ് ആൻ്റണി,ജോസ് കെ. ജോൺ,അമേഴ്സൺ ലൂയിസ്,ഷൈജി ജേക്കബ്,ജോർജ്ജ് ജോൺ, ബെന്നി ടി. ആർ, അനി എസ്,അജു എ. ആർ. ,ഷൈജു കമ്മട്ടിൽ,ജി. പ്രദീപൻ,ടി. എം. മാർട്ടിൻ,റിൻസി നവീൻ, പ്രതാപൻ എ. എസ്., ജോർജ് ജോസഫ് ,ജിബു പോൾ,ജോസ് കെ. ജോൺ,ഷൈൻ പി. ജോസ്,തുടങ്ങിയവർ സംസാരിച്ചു.



സൊസൈറ്റി ടുഡേ
SOCIETY TODAY




# സാംസങ് ഗാലക്സി ഇസെഡ് ഫോൾഡ് 6, ഇസെഡ് ഫ്ലിപ്പ് 6 മോഡലുകൾക്ക് റെക്കോർഡ് പ്രീബുക്കിങ്

**കൊച്ചി:** സാംസങ് ആറാം തലമുറ ഫോൾഡബിൾ സ്മാർട്ഫോണുകളായ ഗാലക്സി ഇസെഡ് ഫോൾഡ് 6, ഇസെഡ് ഫ്ലിപ്പ് 6 മോഡലുകൾക്ക് റെക്കോർഡ് പ്രീബുക്കിംഗ് ലഭിച്ചതായി അറിയിച്ചു. മുൻ തലമുറ ഫോൾഡബിൾ മോഡലുകളുമായി താരതമ്യം ചെയ്യുമ്പോൾ, ബുക്കിങ് ആരംഭിച്ച ആദ്യ 24 മണിക്കൂറിനുള്ളിൽ ഗാലക്സി ഇസെഡ് ഫോൾഡ് 6, ഇസെഡ് ഫ്ലിപ്പ് 6 മോഡലുകളുടെ പ്രീഓർഡറുകൾ 40 ശതമാനമാണ് വർദ്ധിച്ചിരിക്കുന്നത്. പുതിയ ഇസെഡ് സീരീസ് ഇന്ത്യയിൽ ഏറ്റവും വിജയകരമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.

ഗാലക്സി ഇസെഡ് ഫോൾഡ് 6, ഇസെഡ് ഫ്ലിപ്പ് 6 മോഡലുകളുടെ ലോകമെമ്പാടുമുള്ള പ്രീബുക്കിങ് ജൂലൈ 10നാണ് ആരംഭിച്ചത്. ഇന്ത്യയിൽ ഈ പുതിയ സ്മാർട്ട്ഫോണുകളുടെ ബുക്കിങ്, ഗാലക്സി വാച്ച് അൾട്രാ, ഗാലക്സി വാച്ച് 7, ഗാലക്സി ബഡ്സ് 3 പ്രോ, ഗാലക്സി ബഡ്സ് 3 എന്നിവയ്ക്കൊപ്പം കഴിഞ്ഞ ജൂലൈ 24ന് ആരംഭിച്ചിരുന്നു. പുതിയ ഫോൾഡബിൾ മോഡലുകളായ ഗാലക്സി ഇസെഡ് ഫോൾഡ് 6, ഇസെഡ് ഫ്ലിപ്പ് 6 എന്നിവയ്ക്കുള്ള ഉപഭോക്തൃ പ്രതികരണം അതിയായ സന്തോഷം നൽകുന്നതാണ്. ഈ സ്മാർട്ട്ഫോണുകളുടെ പ്രീബുക്കിങ് ഓർഡറുകളിൽ 1.4 മടങ്ങ് വർധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്, ഇത് ഇന്ത്യൻ ഉപഭോക്താക്കൾ പുതിയ സാങ്കേതികവിദ്യകൾ ഏറ്റെടുക്കുന്നതിൽ എത്രമാത്രം മുൻപന്തിയിലാണെന്നതിന് തെളിവാണെന്ന് സാംസങ് ഇന്ത്യ എംഎക്സ് ബിസിനസ് സീനിയർ വൈസ് പ്രസിഡന്റ് രാജു പള്ളൻ പറഞ്ഞു.

ഗാലക്സി ഇസെഡ് ഫോൾഡ് 6 മോഡലിന് 164999 രൂപ (12 ജിബി + 256 ജിബി) വില 164999 രൂപ മുതലാണ്, ഗാലക്സി ഇസെഡ് ഫ്ലിപ്പ് 6 മോഡൽ 109999 രൂപ (12 ജിബി + 256 ജിബി) മുതൽ ലഭ്യമാണ്.



# ശാസ്ത്രഗവേഷണത്തിന് ചെലവുചുരുക്കാൻ ഐസ്റ്റെമിന്റെ വിലാബ്സ് അവതരിപ്പിച്ചു

**തിരുവനന്തപുരം:** ശാസ്ത്രഗവേഷണവും കണ്ടെത്തലുകളും എളുപ്പവും ചെലവുകുറഞ്ഞതുമാക്കുന്നതിനായി വെർട്ടിക്കലി അഗ്രഗേറ്റിങ് ലാബ്സ് അഥവാ 'വിലാബ്സ്' എന്ന പുതിയ സംവിധാനം അവതരിപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ മുഖ്യ ശാസ്ത്ര ഉപദേഷ്ടാവിന്റെ ഓഫിസിന് കീഴിൽ പ്രവർത്തിക്കുന്ന ഐഎസ്.ടി.ഇ.എം (ഇന്ത്യൻ സയൻസ്, ടെക്നോളജി, ആൻഡ് എഞ്ചിനീറിങ് ഫെസിലിറ്റീസ് മ്യാപ്പ്) ആണ് വിലാബ്സ് സജ്ജമാക്കിയിരിക്കുന്നത്. ദേശീയതലത്തിൽ പ്രവർത്തിക്കുന്ന ഈ സംവിധാനം, രാജ്യമെമ്പാടുമുള്ള ഗവേഷകർ, സംരംഭങ്ങൾ, വ്യവസായങ്ങൾ എന്നിവയെ പരസ്പരം ബന്ധിപ്പിക്കും. ഈ ശൃംഖലയിലുള്ള ലാബുകളും ഉപകരണങ്ങളും ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ഗവേഷണത്തിനായി വിനിയോഗിക്കാം.

സംസ്ഥാന സർക്കാരിന് കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കേരള എനർജി മാനേജ്മെന്റ് സെന്ററിലായിരുന്നു പരിപാടി. കേരള എനർജി മാനേജ്മെന്റ് സെന്റർ ജോയിന്റ് ഡയറക്ടർ ദിനേശ് കുമാർ എ.എൻ, രജിസ്ട്രാർ സുഭാഷ് ബാബു, പ്രോജക്ട് ഹെഡ് ജോൺസൺ ഡാനിയേൽ, എനർജി ടെക്നോളജിസ്റ്റുകളായ രാജീവ് കെ.ആർ, അനൂപ് സുരേന്ദ്രൻ എന്നിവർക്കൊപ്പം ടീമിലെ മറ്റംഗങ്ങളും ഉദ്ഘാടനചടങ്ങിൽ പങ്കെടുത്തു.

ഗവേഷണത്തിന്റെ തുടക്കത്തിൽ ആധുനിക ഉപകരണങ്ങൾ വാങ്ങാൻ സ്റ്റാർട്ടപ്പുകൾക്കും ഗവേഷകർക്കും ചെലവാക്കേണ്ടിവരുന്ന ഭീമമായ മൂലധനനിക്ഷേപം ലഘൂകരിക്കാമെന്നതാണ് വിലാബ്സിന്റെ ഏറ്റവും വലിയ പ്രയോജനം. ഒരേ ഉപകരണങ്ങൾ തന്നെ പല സ്ഥാപനങ്ങൾ വീണ്ടും വീണ്ടും വാങ്ങേണ്ടി വരുന്ന സാഹചര്യവും ഒഴിവാകും. നിലവിൽ ലഭ്യമായ സംവിധാനങ്ങളൊക്കെയും പൂർണതോതിൽ പ്രയോജനപ്പെടുത്തുന്നുണ്ട് എന്നുറപ്പാക്കാനും സാധിക്കും. ഇതിനായി വിവിധ മേഖലകളിലും വിഷയങ്ങളിലുമുള്ള ഉപകരണങ്ങളും ലാബുകളും പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്നും ഇത്തരം പരിപാടികളും ശില്പശാലകളും സംഘടിപ്പിക്കും.

ഗവേഷകർക്ക് അവരുടെ വിഷയവുമായി ബന്ധപ്പെട്ട പഠനത്തിനാവശ്യമുള്ള സൗകര്യങ്ങൾ കണ്ടെത്തി ഉപയോഗിക്കാൻ കഴിയും. പൊതുമേഖലയിലും സ്വകാര്യരംഗത്തുമുള്ള ഗവേഷണസ്ഥാപനങ്ങളെ ഭാവിയിൽ ഒരുമിച്ചുകൊണ്ടുവരാനും കഴിയും.

ബയോടെക്നോളജി, ഇമ്മ്യൂണോളജി, മെറ്റീരിയൽ സയൻസ്, നാനോ ടെക്നോളജി തുടങ്ങി നിരവധി ശാസ്ത്രശാഖകൾ ഇതിലുൾപ്പെടുന്നു.

# മലയാളി സ്റ്റാർട്ടപ്പിനെ ഏറ്റെടുത്ത് അമേരിക്കൻ കമ്പനി

KERALA STARTUP MISSION®

**കൊച്ചി:** സെയിൽസ്ഫോഴ്സ് കൺസൽട്ടിംഗ് കമ്പനിയായ മലയാളി സ്റ്റാർട്ടപ്പ് ഇംപാക്ടീവിനെ ഏറ്റെടുത്ത് അമേരിക്കയിലെ സിലിക്കൺവാലി കമ്പനിയായ ഇൻഫോഗെയിൻ. ഡിജിറ്റൽ ഇക്കോണമിയിൽ പ്രവർത്തിക്കുന്ന ഇരു കമ്പനികളുടെയും ഉപഭോക്താക്കൾക്ക് വലിയ നേട്ടമാണ് ഇതിലൂടെ ഉണ്ടാകുന്നത്.

2021 ൽ കാക്കനാട് ഇൻഫോപാർക്ക് ഫേസ് ടുവിലാണ് ഇംപാക്ടീവ് പ്രവർത്തനമാരംഭിച്ചത്. സെയിൽഫോഴ്സ് മൾട്ടിക്ലൗഡ് ഇംപ്ലിമെൻറേഷൻ, പ്ലാറ്റ്ഫോമുകൾ എന്നിവയ്ക്ക് പുറമെ സെയിൽഫോഴ്സ് ആക്സിലറേറ്ററുകളും സെർട്ടിഫൈഡ് ടീമുകളുമുണ്ട്.

സെയിൽഫോഴ്സ് പങ്കാളിയെന്ന നിലയിൽ ഇംപാക്ടീവിൻറെ പ്രവർത്തനമികവ്, കേയ്മാൻ ദ്വീപിലെ പ്രവർത്തനങ്ങൾ എന്നിവയും ഉപയോഗപ്പെടുത്താൻ ഇൻഫോഗെയിനിന് കഴിയും. റിടെയിൽ, ഹോസ്പിറ്റാലിറ്റി, മീഡിയ, ഹൈടെക്, ഡിജിറ്റൽ മാനുഫാക്ചറിംഗ് എന്നിവ ഇതിൻറെ മുതൽക്കൂട്ടാണ്.

മികച്ച വരുമാനം തരുന്ന ഉപഭോക്തൃ സേവന പ്ലാറ്റ്ഫോമായ സെയിൽഫോഴ്സിലൂടെ ഉപഭോക്തൃഡാറ്റ ഒറ്റ പ്ലാറ്റ്ഫോമിലേക്കെത്തുമെന്ന് ഇൻഫോഗെയിൻ സിഇഒ ദിനേഷ് വേണുഗോപാൽ പറഞ്ഞു. ഇംപാക്ടീവിനെ ഏറ്റെടുക്കുന്നതിലൂടെ ഉപഭോക്താക്കൾക്ക് എഐ സേവനങ്ങൾ നൽകുകയും അതിലൂടെ സെയിൽഫോഴ്സ് പ്ലാറ്റ്ഫോമിനെ പൂർണമായും ഉപയോഗിക്കാൻ സാധിക്കും. ഇംപാക്ടീവിനെ ഇൻഫോഗെയിൻ കുടുംബത്തിലേക്ക് സ്വാഗതം ചെയ്യുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇൻഫോഗെയിനിൻറെ വലിയ ഉപഭോക്തൃ സമൂഹത്തിന് സേവനങ്ങൾ നൽകുന്നതിനെ പ്രതീക്ഷയോടെയാണ് കാണുന്നതെന്ന് ഇംപാക്ടീവ് സഹസ്ഥാപകനും സിഇഒയുമായ പ്രവീൺ ദേശായ് പറഞ്ഞു. ഇൻഫോഗെയിനിൻറെ ഭാവി വളർച്ചയിൽ ഒരു മികച്ച പ്രയാണമാണ് ആരംഭിക്കാൻ പോകുന്നതെന്നും അദ്ദേഹം പറഞ്ഞു.

നൂതനത്വം, മൾട്ടി ക്ലൗഡ് ഡിപ്ലോയ്മൻറിലുള്ള ശ്രദ്ധ, സെയിൽഫോഴ്സ് ആക്സിലറേറ്ററുകൾ എന്നിവയാണ് ഉപഭോക്താക്കൾക്ക് മികച്ച വരുമാനം നേടിക്കൊടുക്കാൻ സഹായിച്ചതെന്ന് ഇംപാക്ടീവ് പ്രസിഡൻറ് ജോസഫ് കോര പറഞ്ഞു. ഉപഭോക്താവിൻറെ പ്രതീക്ഷയ്ക്കപ്പുറം മൂല്യവർധനമുണ്ടാക്കാൻ സാധിക്കുന്നതിൽ ചാരിതാർത്ഥ്യവുമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ആഗോളതലത്തിൽ പ്രതിഭകളെ കണ്ടെത്തി മികച്ച നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കാൻ ഈ ഏറ്റെടുക്കൽ സഹായിക്കുമെന്ന് ഇൻഫോഗെയിൻ സിഎഫ്ഒ കുലേശ് ബൻസൽ പറഞ്ഞു.ഉപഭോക്താവിൻറെ ഡിജിറ്റൽ മുൻഗണന മനസിലാക്കി പ്രവർത്തിക്കാൻ സാധിക്കുന്നതിനോടൊപ്പം സെയിൽഫോഴ്സ് ആവാസവ്യവസ്ഥയോടെ നീതി പുലർത്താനും ഇതിലൂടെ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സെയിൽഫോഴ്സ് സോഫ്റ്റ് വെയറിൻറെ 450 ലധികം സർട്ടിഫിക്കേഷനും 30 ഡെവലപ്പേഴ്സ് സർട്ടിഫിക്കേഷൻ, 50 വ്യവസായ ക്ലൗഡ് അക്രഡിറ്റേഷൻ എന്നിവയാണ് ഇംപാക്ടീവിനുള്ളത്.

# സിഎംഎഫ്ആർഐയിൽ യങ് പ്രൊഫഷണൽ ഒഴിവുകൾ

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) യങ് പ്രൊഫഷണൽ കാറ്റഗറി ഒന്ന്, രണ്ട് തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ആഗസ്ത് എട്ട്. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക www.cmfri.org.in

# ക്ലയന്റ് അസോസിയേറ്റ്സിനു കൊച്ചിയിൽ പുതിയ ശാഖ

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ മൾട്ടിഫാമിലി ഓഫീസായ ക്ലയന്റ് അസോസിയേറ്റ്സ് (സിഎ), കൊച്ചിയിൽ പുതിയ ബ്രാഞ്ച് ആരംഭിച്ചു. ഇതോടെ കേരളത്തിലെ സിഎ സാന്നിധ്യം വിപുലീകരിക്കും. കൊച്ചിയിൽ പരിചയസമ്പന്നരായ വെൽത്ത് മാനേജ്മെന്റ് പ്രൊഫഷണലുകളുടെ ടീമിനെ നിയോഗിക്കാനാണ് ക്ലയന്റ് അസോസിയേറ്റ്സ് ലക്ഷ്യമിടുന്നത്. ഉപഭോക്താക്കൾക്ക് ഫാമിലി ഓഫീസ്, എസ്റ്റേറ്റ് പ്ലാനിംഗ്, ഇൻവെസ്റ്റ്മെന്റ് ബാങ്കിംഗ്, റിയൽ എസ്റ്റേറ്റ് അഡ്വൈസറി, ലെൻഡിംഗ് സൊല്യൂഷനുകൾ എന്നിവയുൾപ്പെടെയുള്ള സേവനങ്ങൾ ക്ലയന്റ് അസോസിയേറ്റ്സ് നൽകുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.



# നാൽപ്പതുകളിലെ പ്രണയം

നടനും എഴുത്തുകാരനും മാധ്യമ പ്രവർത്തകനുമായ രമേശ് എസ് മകയിരം തിരക്കഥയെഴുതി സംവിധാനം നിർവ്വഹിച്ച നാൽപ്പതുകളിലെ പ്രണയം എന്ന ചലച്ചിത്രത്തിന്റെ ഫസ്റ്റ്ലുക്ക് പോസ്റ്ററും ടൈറ്റിൽ പ്രകാശനവും മന്ത്രി സജി ചെറിയാൻ, എഴുത്തുകാരൻ വി ജെ ജെയിമ്സിനു നൽകി നിർവ്വഹിച്ചു. മന്ത്രിയുടെ തിരുവനന്തപുരത്തെ ഓഫീസിൽ വെച്ചു നടന്ന പ്രകാശന ചടങ്ങിൽ സംവിധായകൻ രമേശ് എസ് മകയിരം, നായകൻ ജെറി ജോൺ നായിക ആശ വി നായർ എന്നിവർ പങ്കെടുത്തു .ശ്രീദേവി ഉണ്ണി, കുടശനാട് കനകം, മെർലിൻ റീന, ക്ഷമ കൃഷ്ണ, ഗിരിധർ കൃഷ്ണ, ധന്യ സി മേനോൻ, മഴ രമേശ്, പാർഥിപ്, ഷഹനാസ്, ജാനിഷ് എന്നിവരാണ് മറ്റു പ്രധാന അഭിനേതാക്കൾ. ഒപ്പം പുതുമുഖങ്ങളും അഭിനയിക്കുന്നുണ്ട്.മഴ ഫിലിംസ്,ആർ ജെ എസ് ക്രീയേഷൻസ്, ജാർ ഫാക്ടറി എന്നീ ബാനറിൽ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം എസ് ജയൻദാസ് നിർവ്വഹിക്കുന്നു.രമേശ് എസ് മകയിരം ആശ വി നായർ എന്നിവരുടെ വരികൾക്ക് ഗിരീഷ് നാരായൺ സംഗീതം പകരുന്നു.എഡിറ്റർറഷിൻ അഹമ്മദ്,പ്രൊഡക്ഷൻ കൺട്രോളർഎൽദോ സെൽവരാജ്,ആർട്ട്ശ്രുതി ഇ വി, മേക്കപ്പ് ബിനു സത്യൻ,നവാസ്, അസ്സോസിയേറ്റ് ഡയറക്ടർഷാജി ജോൺ,അവിനെഷ്, ജോസ്,ഡിസൈൻആർക്കെ. തിരുവനന്തപുരം, വാഗമൺ, ചെങ്ങന്നൂർ എന്നിവടങ്ങളിലാണ് ചിത്രീകരണം പൂർത്തിയാക്കിയത്.പി ആർ ഒഎ എസ് ദിനേശ്.




# അഡിയോസ് അമിഗോ

ആസിഫ് അലി, സുരാജ് വെഞ്ഞാറമൂട് എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി നവാഗതനായ നഹാസ് നാസർ സംവിധാനം ചെയുന്ന അഡിയോസ് അമിഗോ എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ റിലീസായി.ആഷിക് ഉസ്മാൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ ആഷിഖ് ഉസ്മാൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജിംഷി ഖാലിദ് നിർവ്വഹിക്കുന്നു. സംഗീതംജെയ്ക്സ് ബിജോയ്,ഗോപി സുന്ദർ,ഗാനരചന വിനായക് ശശികുമാർ,എഡിറ്റിർനിഷാദ് യൂസഫ്,മേക്കപ്പ്റൊണക്സ് സേവ്യർ,കോസ്റ്റ്യുംസ്മഷർ ഹംസ,പ്രൊഡക്ഷൻ കൺട്രോളർ സുധർമ്മൻ വള്ളിക്കുന്ന്, കലാസംവിധാനം ആഷിഖ് എസ്, സൗണ്ട് മിക്സിങ്വിഷ്ണു ഗോവിന്ദ്, കോറിയോഗ്രാഫർ പ്രമേഷ്ദേവ്,ചീഫ് അസ്സോസിയേറ്റ് ഡയറക്ടർദിനിൽ ബാബു, അസ്സോസിയേറ്റ് ഡയറക്ടർഓർസ്റ്റിൻ ഡാൻ,രഞ്ജിത് രവി,പ്രൊമോ സ്റ്റിൽസ്രോഹിത് കെ സുരേഷ്,സ്റ്റിൽസ്രാജേഷ് നടരാജൻ, പോസ്റ്റർസ്ഓൾഡ് മോങ്ക്സ്, കണ്ടെന്റ് & മാർക്കറ്റിംഗ് ഡിസൈൻ പപ്പെറ്റ് മീഡിയ.ഓഗസ്റ്റ് രണ്ടിന് സെൻട്രൽ പിക്ചേഴ്സ് അഡിയോസ് അമിഗോ പ്രദർശനത്തിനെത്തിക്കുന്നു.പി ആർ ഒഎ എസ് ദിനേശ്.



# ബ്രോമാൻസ്

അർജുൻ അശോകൻ, മാത്യു തോമസ്, മഹിമ നമ്പ്യാർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അരുൺ ഡി ജോസ് സംവിധാനം ചെയ്യുന്ന ബ്രോമാൻസ് എന്ന ചിത്രത്തിന്റെ ചിത്രീകരണം എറണാകുളത്ത് ആരംഭിച്ചു.

ആഷിക് ഉസ്മാൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ ആഷിഖ് ഉസ്മാൻ നിർമ്മിക്കുന്ന ഈ ചിത്രത്തിൽകലാഭവൻ ഷാജോൺ, ബിനു പപ്പു,ശ്യാം മോഹൻ,സംഗീത് പ്രതാപ് തുടങ്ങിയ താരങ്ങളും അഭിനയിക്കുന്നു. ജോ ആൻഡ് ജോ, 18+ എന്നീ ഹിറ്റ് ചിത്രങ്ങൾക്കു ശേഷം അരുൺ ഡി ജോസ് സംവിധാനം ചെയ്യുന്ന ചിത്രമാണ് ബ്രോമാൻസ്.

അരുൺ ഡി ജോസ്, തോമസ് പി സെബാസ്റ്റ്യൻ, രവീഷ്നാഥ് എന്നിവർ ചേർന്നാണ് തിരക്കഥ സംഭാഷണം എഴുതുന്നത്.

അഖിൽ ജോർജ് ഛായാഗ്രഹണം നിർവഹിക്കുന്നു.എഡിറ്റിർചമൻ ചാക്കൊ,സംഗീതം ഗോവിന്ദ് വസന്ത,

പ്രൊഡക്ഷൻ കൺട്രോളർ സുധാർമ്മൻ വള്ളിക്കുന്ന്,മേക്കപ്പ്റോണക്സ് സേവ്യർ, കോസ്റ്റ്യുംസ് മഷർ ഹംസ, കലാസംവിധാനം നിമേഷ് എം താനൂർ, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ റെജിവാൻ അബ്ദുൽ ബഷീർ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സജി പുതുപ്പള്ളി, പ്രൊഡക്ഷൻ മാനേജർ സുജിത്,ഹിരൺ,ഡിസൈൻസ്യെല്ലോടൂത്ത്,സ്റ്റിൽസ്വിഘ്നേശ്,കണ്ടെന്റ് &മാർക്കറ്റിംഗ്ഡിസൈൻപപ്പെറ്റ് മീഡിയ,പി ആർ ഒ എ എസ് ദിനേശ്.




# സീക്രട്ട് ഇന്ന് മുതൽ

എസ്.എൻ.സ്വാമി ആദ്യമായി സംവിധാനം ചെയ്യുന്ന ചിത്രം സീക്രട്ട് ഇന്ന് മുതൽ തിയേറ്ററുകളിലേക്ക്. ധ്യാൻ ശ്രീനിവാസൻ പ്രധാന കഥാപാത്രമാകുന്ന മോട്ടിവേഷണൽ ഡ്രാമ ഗണത്തിൽ പെടുന്ന ചിത്രത്തിന്റെ കഥയും തിരക്കഥയും സംവിധാനവും എസ് എൻ സ്വാമി തന്നെയാണ് നിർവഹിച്ചിരിക്കുന്നത്. കേരളത്തിലും ചെന്നൈയിലും സിനിമാ രാഷ്ട്രീയ പ്രവർത്തകർക്ക് വേണ്ടി നടന്ന പ്രിവ്യൂ ഷോകളിൽ ഗംഭീര അഭിപ്രായങ്ങൾ കരസ്ഥമാക്കിയാണ് ചിത്രം ഇന്ന് തിയേറ്ററുകളിലേക്കെത്തുന്നത്.

ലക്ഷ്മി പാർവതി വിഷന്റെ ബാനറിൽ രാജേന്ദ്ര പ്രസാദ് നിർമ്മിച്ച സീക്രട്ടിൽ ധ്യാൻ ശ്രീനിവാസൻ, അപർണാ ദാസ്, ജേക്കബ് ഗ്രിഗറി, കലേഷ് രാമാനന്ദ്, ആർദ്രാ മോഹൻ, രഞ്ജിത്ത്, രഞ്ജി പണിക്കർ, ജയകൃഷ്ണൻ, സുരേഷ് കുമാർ, അഭിരാം രാധാകൃഷ്ണൻ, മണിക്കുട്ടൻ എന്നിവരാണ് സീക്രട്ടിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. എസ്.എൻ സ്വാമി കഥയും തിരക്കഥയും ഒരുക്കി സംവിധാനം നിർവഹിക്കുന്ന സീക്രട്ടിന്റെ സംഗീത സംവിധാനം നിർവഹിക്കുന്നത് ജേക്സ് ബിജോയാണ്. ഡി.ഒ.പി : ജാക്സൺ ജോൺസൺ, എഡിറ്റിങ് : ബസോദ് ടി ബാബുരാജ്, ആർട്ട് ഡയറക്ടർ : സിറിൽ കുരുവിള, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ : രാകേഷ്.ടി.ബി, പ്രൊഡക്ഷൻ കൺട്രോളർ : അരോമ മോഹൻ, കോസ്റ്റ്യൂം : സ്റ്റെഫി സേവിയർ, മേക്കപ്പ് : സിനൂപ് രാജ്, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ : ശിവറാം, സൗണ്ട് ഡിസൈൻ : വിക്കി, കിഷൻ. അസ്സോസിയേറ്റ് ഡയറക്ടർ : വിഷ്ണു ചന്ദ്രൻ, ആക്ഷൻ ഡയറക്ടർ : ഫീനിക്സ് പ്രഭു, ഫൈനൽ മിക്സ് : അജിത് എ ജോർജ്, വി എഫ് എക്സ് : ഡിജിബ്രിക്ക്സ്, ഡി ഐ: മോക്ഷ, സ്റ്റിൽസ് : നവീൻ മുരളി, പബ്ലിസിറ്റി ഡിസൈനർ : ആന്റണി സ്റ്റീഫൻ, പി ആർ ഓ : പ്രതീഷ് ശേഖർ.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ബ്രോഡ്ബാന്റുമായി സഹകരിച്ച് വി വൺ അവതരിപ്പിച്ചു

**കൊച്ചി:** മുൻനിര ടെലികോം സേവന ദാതാവായ വി കേരളത്തിലെ മുൻനിര ബ്രോഡ്ബാൻറ് സേവന ദാതാവായ ഏഷ്യാനെറ്റുമായി സഹകരിച്ച് സംയോജിത ഫൈബർ, മൊബിലിറ്റി സേവനങ്ങൾ ലഭ്യമാക്കാനായി വി വൺ അവതരിപ്പിച്ചു. ഫൈബർ ബ്രോഡ്ബാൻറ് കണക്ഷൻ, പ്രീപെയ്ഡ് മൊബൈൽ കണക്ഷൻ, 13 ഒടിടികൾ എന്നിവ ഒരൊറ്റ പ്ലാനിനു കീഴിൽ ലഭ്യമാക്കുന്ന 3 ഇൻ 1 പദ്ധതിയായിരിക്കും വി വൺ ഉപഭോക്താക്കൾക്കു ലഭ്യമാക്കുക.

അതിവേഗ ഇൻറർനെറ്റിനും വിശ്വസനീയമായ മൊബൈൽ സേവനങ്ങൾക്കുമുള്ള ആവശ്യം വർധിച്ചു വരുന്ന പശ്ചാത്തലത്തിൽ കേരളത്തിലെ ഉപഭോക്താക്കൾക്ക് തടസമില്ലാത്ത കണക്ടിവിറ്റിയും മികച്ച ഉപഭോക്തൃ അനുഭവങ്ങളും ലഭ്യമാക്കുന്നതിൽ നിർണായക ചുവടുവെയ്പ്പായിരിക്കും ഈ സഹകരണം. മൊബിലിറ്റി, അൺലിമിറ്റഡ് ബ്രോഡ്ബാൻറ്, എൻറർടൈൻമെൻറ് എന്നിവ ഒരേ സർവീസിനു കീഴിൽ നൽകുന്ന ഈ മേഖലയിലെ ആദ്യ നീക്കമാണിത്.

ഉപഭോക്താക്കൾക്ക് മികച്ച മൂല്യം ലഭ്യമാക്കുകയെന്നത് വി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളുടേയും ലക്ഷ്യമെന്ന് വി ചീഫ് മാർക്കറ്റിങ് ഓഫിസർ അവ്നീഷ് ഖോസ്ല പറഞ്ഞു. കേരളത്തിൽ വി വൺ അവതരിപ്പിക്കുന്നതിൽ തങ്ങൾ ആവേശഭരിതരാണ്. കണക്ടിവിറ്റി, വിനോദം എന്നിവയിലെ ഉപഭോക്താക്കളുടെ ആവശ്യങ്ങളെല്ലാം ഒരു സബ്സ്ക്രിപ്ഷനിലൂടെ ലഭ്യമക്കുന്നത് തങ്ങളുടെ ഉപഭോക്താക്കൾക്ക് മൂല്യങ്ങളും സൗകര്യവും സംബന്ധിച്ച പുതിയ മാനദണ്ഡങ്ങളാണു നൽകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കഴിഞ്ഞ 30 വർഷമായി വിവിധങ്ങളായ സേവനങ്ങളിലൂടെ ഏഷ്യാനെറ്റ് ഉപഭോക്താക്കളെ ശാക്തീകരിക്കുകയാണെന്ന് ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്യൂണിക്കേഷൻസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടറും സിഇഒയുമായ മൂർത്തി ചഗന്തി പറഞ്ഞു. വിയുമായുള്ള സഹകരണം ഈ ദിശയിലെ മറ്റൊരു നീക്കമാണ്. മൊബൈൽ സേവനങ്ങൾ, എൻറർടൈൻമെൻറ് സേവനങ്ങൾ, തങ്ങളുടെ ബ്രോഡ്ബാൻറ് സേവനങ്ങൾ തുടങ്ങിയവ സംയോജിപ്പിക്കുന്നത് വഴി തങ്ങളുടെ ഉപഭോക്തൃ കേന്ദ്രീകൃത സേവനങ്ങൾ കൂടുതൽ വിപുലമാക്കുകയാണ്. വിയുമായുള്ള സഹകരണം അവരുടെ വിപുലമായ ശൃംഖലയുടെ നേട്ടം പ്രയോജനപ്പെടുത്താൻ അവസരമൊരുക്കുകയും സംസ്ഥാനത്തെ തങ്ങളുടെ ഉപഭോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ വഴിയൊരുക്കുകയും ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പരിധിയില്ലാത്ത കോളുകളും പ്രതിദിനം 2ജിബി ഡാറ്റയുമുള്ള മൊബൈൽ പ്രീപെയ്ഡ് കണക്ഷൻ, 40, 100 എംബിപിഎസ് വേഗങ്ങളിലുള്ള പരിധിയില്ലാത്ത ഡാറ്റയുമായുള്ള ബ്രോഡ്ബാൻറ് കണക്ഷൻ, 13 ഒടിടികൾ തുടങ്ങിയവയാണ് വി ലഭ്യമാക്കുന്നത്. ഡിസ്നി+ ഹോട്ട്സ്റ്റാർ, മനോരമ മാക്സ്, സോണി ലിവ്, കെഎൽ ഐകെകെ, ഫാൻകോഡ്, നമാഫിക്സ്, ചൗപൽ, അത്രംഗി, ഉള്ളു, പ്ലേഫ്ളിക്സ്, ഹംഗാമാ, ഷീമാരോ, യുപ്പ്ടിവി തുടങ്ങിയവയാണ് ഒടിടികൾ. ഉപഭോക്താക്കൾക്ക് വി മൂവീസ് & ടിവി ആപ് വഴി സ്മാർട്ട് ടിവി, മൊബൈൽ ഫോൺ, ലാപ്ടോപ്, ടാബ്ലെറ്റ് തുടങ്ങിയവയിലൂടെ ഒടിടി കാണാം. ഇവയ്ക്കെല്ലാമായി ഉപഭോക്താക്കൾ നടത്തേണ്ടത് ഒറ്റ റീചാർജ് മാത്രമായിരിക്കും. ത്രൈമാസ, പ്രതിവർഷ രീതികളിൽ ഈ പദ്ധതി ലഭ്യമാണ്. നിലവിലുള്ള വി ഉപഭോക്താക്കൾക്കും ഈ പദ്ധതി ലഭ്യമാണ്.

40 എംബിപിഎസ് വേഗതയുള്ള ബ്രോഡ്ബാൻറിന് ത്രൈമാസ റീചാർജ് തുക 2499 രൂപയും പ്രതിവർഷ റീചാർജ് തുക 9555 രൂപയുമാണ്. 100 എംബിപിഎസിൽ ത്രൈമാസത്തേക്ക് 3399 രൂപയും ഒരു വർഷത്തേക്ക് 12955 രൂപയുമാണ് തുക.

# പുതിയ ശ്രേണി എസികൾ പുറത്തിറക്കി സാംസങ് ഇന്ത്യ

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഉപഭോക്തൃ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ് അതിന്റെ ഏറ്റവും പുതിയ നൂതനമായ വിൻഡ്ഫ്രീ എയർ കണ്ടീഷനറുകൾ ചിൽഡ് വാട്ടർ ഇൻഡോർ വിഭാഗത്തിന്റെ ഭാഗമായി അവതരിപ്പിക്കുന്നതായി പ്രഖ്യാപിച്ചു. ഈ പുതിയ ശ്രേണിയിൽ നേരിട്ടുള്ള തണുത്ത ഡ്രാഫ്റ്റിന്റെ അസ്വസ്ഥതയില്ലാതെ മികച്ച കൂളിംഗ് അനുഭവം ഉപയോക്താവിന് പ്രദാനം ചെയ്യാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന ശീതീകരിച്ച ജലത്തെ അടിസ്ഥാനമാക്കിയുള്ള കാസറ്റ് യൂണിറ്റുകളിലെ വിൻഡ്ഫ്രീ, 360ീ ബ്ലേഡ്ലെസ് സാങ്കേതികവിദ്യ എന്നീ സവിശേഷതകൾ ഉൾപ്പെടുന്നു.

ശീതീകരിച്ച ജലത്തെ അടിസ്ഥാനമാക്കിയുള്ള കാസറ്റ് യൂണിറ്റുകൾ ആവശ്യമുള്ള താപനില സജ്ജമാക്കാൻ ഉപയോക്താക്കളെ അനുവദിക്കുമ്പോൾ വിൻഡ്ഫ്രീ കൂളിംഗ് സാങ്കേതികവിദ്യ 15,000 മൈക്രോ എയർ ഹോളുകൾ വരെയുള്ള തണുത്ത വായു 0.15എം/സെക്കന്റ് കാറ്റ് വേഗതയിൽ മൃദുവായി ചിതറിക്കുന്നു. കൂടാതെ, നൂതനമായ എയർഫ്ലോ സംവിധാനം നിശ്ശബ്ദമായി പ്രവർത്തിച്ചുകൊണ്ട് മുറികളെ വേഗത്തിൽ തണുപ്പിക്കുന്നു. ഏറ്റവും താഴ്ന്ന നിലയിൽ 24 ടിബി(എ) ശബ്ദം മാത്രമാണ് അത് സൃഷ്ടിക്കുന്നത്. ഒരു മന്ത്രിക്കലിന് സമാനമാണ് ഇതെന്നതിനാൽ കിടപ്പു, പഠന മുറികൾക്കും കൊച്ചു കുഞ്ഞുങ്ങൾ ഉറങ്ങുന്ന മുറികൾക്കും അനുയോജ്യമാകുന്നു. സാംസങ് ചിൽഡ് വാട്ടർ ഫാൻ കോയിൽ യൂണിറ്റുകളുടെ 3 വേരിയന്റുകളും ഇന്ത്യയിലെ സാംസങിന്റെ റജിസ്റ്റേർഡ് ഓഫ് ലൈൻ പങ്കാളികളുടെ ശൃംഖലയിൽ നിന്നും ഏറ്റവും കുറഞ്ഞ കപ്പാസിറ്റി യൂണിറ്റിന് 35,000 രൂപ പ്രാരംഭ വിലയിൽ ലഭ്യമാണ്.

# മഹീന്ദ്ര ഫിനാൻസിന്റെ അറ്റാദായം 513 കോടിയിലെത്തി

**കൊച്ചി:** മഹീന്ദ്ര ആൻറ് മഹീന്ദ്ര ഫിനാൻഷ്യൽ സർവീസസിൻറെ നടപ്പു സാമ്പത്തിക വർഷത്തിൻറെ ആദ്യ ത്രൈമാസത്തിലെ അറ്റാദായം വാർഷികാടിസ്ഥാനത്തിൽ 45 ശതമാനം വർധനവോടെ 513 കോടി രൂപയിലെത്തി. ആകെ കൈകാര്യം ചെയ്യുന്ന ആസ്തികൾ 23 ശതമാനം വർധനവോടെ 1,06,339 കോടി രൂപയിലുമെത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതേ കാലയളവിലുണ്ടായിരുന്ന 3125 കോടി രൂപയുടെ ആകെ വരുമാനം 20 ശതമാനം വർധനവോടെ 3760 കോടി രൂപയിലും വിതരണം 12,165 കോടി രൂപയിൽ നിന്ന് അഞ്ചു ശതമാനം വർധനവോടെ 12,741 കോടി രൂപയിലുമെത്തി.മുച്ചക്ര വാഹനങ്ങൾ, പാസഞ്ചർ വാഹനങ്ങൾ, വാണിജ്യ വാഹനങ്ങൾ, എൽസിവികൾ, ചെറിയ എൽസിവികൾ എന്നിവയ്ക്ക് വായ്പ നൽകുന്ന അഞ്ചു മുൻനിര എൻബിഎഫ്സികളിൽ ഒന്നാണ് മഹീന്ദ്ര ഫിനാൻസ്. ട്രാക്ടർ രംഗത്തെ മുൻനിര വായ്പാ ദാതാവുമാണ് കമ്പനി.

## കെപിഐടിയുടെ അറ്റാദായം 52.4 ശതമാനം വർധിച്ചു

**കൊച്ചി:** സോഫ്റ്റ് വെയർ അധിഷ്ഠിത വാഹനങ്ങളുടെ രംഗത്ത് പ്രവർത്തിക്കുന്ന സംയോജിത സോഫ്റ്റ് വെയർ രംഗത്തെ സ്വതന്ത്ര സ്ഥാപനമായ കെപിഐടി ടെക്നോളജീസ് നടപ്പു സാമ്പത്തിക വർഷത്തിൻറെ ആദ്യ ത്രൈമാസത്തിൽ 52.4 ശതമാനം വർധനവോടെ 2042 ദശലക്ഷം രൂപയുടെ അറ്റാദായം കൈവരിച്ചു. 24.8 ശതമാനം വർധനവോടെ 165 ദശലക്ഷം ഡോളർ വരുമാനവും കൈവരിച്ചിട്ടുണ്ട്. തുടർച്ചയായ 16ാം ത്രൈമാസമാണ് കമ്പനി വളർച്ച കൈവരിക്കുന്നത്. വാഹന മേഖല ചില പ്രതിസന്ധികൾ നേരിടുമ്പോഴും തങ്ങൾ എല്ലാ രംഗങ്ങളിലും മികച്ച പ്രകടനമാണു കൈവരിച്ചതെന്ന് സഹ സ്ഥാപകനും സിഇഒയും മാനേജിങ് ഡയറക്ടറുമായ കിഷോർ പാട്ടിൽ പറഞ്ഞു.

